നൽകേണ്ടതുണ്ട്. അതിനാൽ സർക്കാർ ഈയിനത്തിൽ നഷ്ടം ഇതേവരെ തിട്ടപ്പെടുത്തിയിട്ടില്ല.

അറേഞ്ചർക്ക് നൽകുന്ന ഫീസ്

4 (2717) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്ക് പണം സമാഹരിച്ചതിന് സർക്കാർ നിയോഗിച്ച അറേഞ്ചർക്ക് ഫീസ് നൽകേണ്ടിവരുമോ ;

(ബി) എങ്കിൽ എന്ത് തുക ഫീസായി നൽകേണ്ടി വരും ;

(സി) പ്രസ്തുത ഫീസ് എപ്പോൾ നൽകണമെന്നാണ് എഗ്രിമെന്റ് വ്യവസ്ഥകളിൽ പറഞ്ഞിട്ടുള്ളത് ;

(ഡി) മഹാരാഷ്ട്രയും മറ്റ് സംസ്ഥാന സർക്കാരുകളും അറേഞ്ചറെ നിയമിച്ചത് ടെണ്ടർ വിളിച്ചതിനുശേഷമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എന്നാൽ ഇവിടെ ടെണ്ടർ വിളിക്കാതെ അറേഞ്ചറെ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) നൽകേണ്ടി വരും

(ബി) അന്തിമമായി കണക്കാക്കിയിട്ടില്ല.

(സി) പ്രത്യേക ഫീസ് എപ്പോൾ നൽകണമെന്ന് പറഞ്ഞിട്ടില്ല.

(ഡി) ഇല്ല.

(ഇ) സാധാരണയായി ഗവൺമെന്റ് ബിസിനസ് നടത്തുവാൻ എസ്.ബി.ഐ., എസ്.ബി.ടി. എന്നീ സ്ഥാപനങ്ങളെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാലാണ് ടെണ്ടർ വിളിക്കാതെ അറേഞ്ചറായി ഈ സ്ഥാപനങ്ങളെ നിയമിച്ചത്.

റവന്യൂ വരുമാനത്തിൽ നിന്നുള്ള ചെലവ്

5 (2718) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനുവേണ്ടി ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷനുവേണ്ടിയും പലിശയ്ക്കുവേണ്ടിയും വരുമാനത്തിന്റെ എത്ര ശതമാനം വീതം ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly